# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
# വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
# സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

BASELIOS MARTHOMA MATHEWS III
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2021

**No. 164/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,
പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറുന്നു. മികവിന്റെ അംഗീകാരമായ NAAC അക്രഡിറ്റേഷനും, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് NBA അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗിനും, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിനും NBA അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. പീരുമേട് എം ബി സി എൻജിനീയറിങ് കോളേജിൽ 2023 വർഷം പാസ്സ് ഔട്ട് ആയ 90% വിദ്യാർത്ഥികൾക്കും വിവിധ കമ്പനികളിലായി പ്ലേസ്മെന്റ് ലഭിക്കുകയുണ്ടായി.

എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികളെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ ചേർക്കുന്നതിന് നമ്മുടെ വൈദികരും രക്ഷിതാക്കളും മുൻകൈയ്യെടുക്കണം. വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കായി ക്യാമ്പസിനുള്ളിൽ തന്നെ ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മികവുറ്റ സൗകര്യങ്ങളോടുകൂടെ വെവ്വേറെ ഹോസ്റ്റലുകൾ ക്രമീകരിച്ചിട്ടുണ്ട്. വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്നതും മികച്ച സൗകര്യങ്ങളുള്ളതുമായ ഇവിടുത്തെ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ആവശ്യാനുസരണം സൗജന്യ ട്യൂഷൻ നൽകുന്നതാണ്. കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, എന്നീ ശാഖകളിൽ ബി. ടെക് കോഴ്സുകളിലേക്ക് 2023-24 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ നടന്നു വരുന്നു. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനുമായി കോളേജ് പബ്ലിക് റിലേഷൻസ് കം പ്ലേസ്മെന്റ് ഓഫീസർ നികിത് കെ. സക്കറിയയുമായി (9747031624) ബന്ധപ്പെടാവുന്നതാണ്.

പഠിക്കാൻ സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പോടുകൂടിയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോൺസർഷിപ്പോടുകൂടിയും അഡ്മിഷൻ നേടാവുന്നതാണ്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, എന്നീ ശാഖകളിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ അവസരം ഉള്ളത്. അർഹരായവർ ഇടവക വികാരിയുടെ സാക്ഷ്യപത്രം, പ്ലസ് ടു മാർക്ക് ലിസ്റ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സ്കാൻ ചെയ്ത് sponsorship@mbcpeermade.com എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ആയതിനെ സംബന്ധിച്ച വ്യക്തതയ്ക്ക് കോളേജ് ഡയറക്ടർ പ്രിൻസ് വർഗീസുമായി (90611 27243) ബന്ധപ്പെടാവുന്നതാണ്. രാജ്യത്തിനുവേണ്ടി സേവനം അനുഷ്ഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്കും ആശ്രിതർക്കും വിവിധ സ്കോളർഷിപ്പ് പദ്ധതികളും കോളേജ് ഏർപ്പെടുത്തിയിട്ടുണ്ട്. എൻട്രൻസ് എഴുതാത്ത വിദ്യാർത്ഥികൾക്കും പരാജയപ്പെട്ടവർക്കും യൂണിവേഴ്സിറ്റിയുടെ നിബന്ധനപ്രകാരമുള്ള മാനേജ്മെന്റ് അഡ്മിഷൻ നൽകുന്നതാണ്. ആ ഇടവകയിലെ +1, +2 പഠനം ഇപ്പോൾ നടത്തിവരുന്ന സയൻസ് വിദ്യാർത്ഥികളുടെ പൂർണ്ണവിവരം 9747031624 എന്ന വാട്സ്ആപ്പ് നമ്പറിലോ, director@mbcpeermade.com എന്ന ഇ-മെയിൽ വിലാസത്തിലോ, The Director, MBC College of Engineering and Technology, Pallikkunnu P. O, Kuttikanam PIN 685531, Mob:9061127243 എന്ന മേൽവിലാസത്തിലോ അയച്ചു നൽകേണ്ടതുമാണ്. വെബ്സൈറ്റ് www.mbcpeermade.com.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2023 ജൂൺ മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**